# ലൈറ്റ് റൂമിൽ ADOBE PHOTOSHOP LIGHTROOM

# ചിത്രങ്ങൾ മെച്ചപ്പെടുത്താം – ഭാഗം രണ്ട്



ഹരീഷ് എൻ നമ്പൂതിരി
വിഷ്വൽ ഡിസൈൻ കൺസൾട്ടന്റ്,
ന്യൂവെൻ മീഡിയ

അഡോബി ലൈറ്റ്റൂം ഉപയോഗിച്ച് ഒരു രാജവെമ്പാലയുടെ ചിത്രം മെച്ചപ്പെടുത്തുന്നതിന്റെ പ്രാഥമിക ഘട്ടങ്ങൾ നാം കഴിഞ്ഞ ലക്കം പരിചയപ്പെട്ടു. ലൈറ്റ് റൂമിൽ ലഭ്യമായ ഇതര സാധ്യതകളുപയോഗിച്ച് അതേ ചിത്രം തന്നെ എപ്രകാരം കൂടുതൽ മികച്ചതാക്കാമെന്നാണ് ഈ ലക്കം നാം പരിശോധിക്കുന്നത്.

ബേസിക് പാനലിൽ Presence എന്ന ഭാഗത്താണ് ആദ്യമായി ചില കാര്യങ്ങൾ ചെയ്യേണ്ടത്. Clarity എന്ന സ്ലൈഡറിൽ ആരംഭിക്കാം. ഒരു ചിത്രത്തിലെ മിഡ് ടോണുകളിലടങ്ങിയിരിക്കുന്ന വിശദാംശങ്ങൾ കൂടുതൽ പ്രകടമാക്കുകയാണ് ഈ സ്ലൈഡർ ചെയ്യുക. ചിത്രത്തിന്റെ കോൺട്രാസ്റ്റ് സ്ലൈഡർ വ്യത്യാസപ്പെടുത്തുമ്പോൾ ലഭിക്കുന്ന ഫലത്തോട് സമാനമാണ് ഈ സ്ലൈഡർ ചിത്രത്തിൽ കൊണ്ടുവരുന്ന വ്യത്യാസം. കോൺട്രാസ്റ്റ് സ്ലൈഡർ ചിത്രത്തിലെ ഏകദേശം പൂർണതയോടടുത്ത് ഇരുണ്ടതോ തെളിഞ്ഞതോ ആയ (ബ്ലാക്ക്/വൈറ്റ്) ഇടങ്ങളെ കൂടുതൽ പ്രകടമാക്കുമ്പോൾ, ക്ലാരിറ്റി സ്ലൈഡർ ഹൈലൈറ്റുകളേയും ഷാഡോകളേയുമാണ് (അതായത് പൂർണമായും കറുപ്പോ വെളുപ്പോ അല്ലാത്ത ഇടങ്ങൾ, മിഡ് ടോണുകൾ) പ്രകടമാക്കുക.

വൈബ്രൻസ്, സാചുറേഷൻ സ്ലൈഡറുകളാണ് തുടർന്നുവരുന്നത്. ഇവ ഒരു ചിത്രത്തിലെ നിറങ്ങളെ ക്രമീകരിക്കുവാനാണ് ഉപയോഗിക്കുന്നത്. സാചുറേഷൻ ഒരു ചിത്രത്തിലെ എല്ലാ നിറങ്ങളിലും ഒരുപോലെ വ്യതിയാനം വരുത്തുമ്പോൾ, വൈബ്രൻസാവട്ടെ നിലവിൽ ചിത്രത്തിൽ സാചുറേറ്റ് ചെയ്യപ്പെട്ട നിറങ്ങളേയും അല്ലാത്തവയേയും വേർതിരിച്ചുകണ്ട് നിറങ്ങളിൽ വ്യതിയാനം വരുത്തുന്നു. വൈബ്രൻസ് കൂട്ടി, ഒരൽപ്പം സാചുറേഷൻ കുറയ്ക്കുക വഴി, രാജവെമ്പാലയുടെ നിറങ്ങളെ മാത്രം പൊലിപ്പിക്കുവാൻ കഴിയുന്നു. ചിത്രം എ കാണുക.




*ചിത്രം എ: ക്ലാരിറ്റി, വൈബ്രൻസ്, സാച്ചുറേഷൻ എന്നിവ ക്രമീകരിച്ചതിന് ശേഷം*

അടുത്തതായി ടോൺ കർവ് (Tone Curve) എന്ന പാനലാണ് ക്രമീകരിക്കേണ്ടത്. ചിത്രത്തിന്റെ കോൺട്രാസ്റ്റ് ക്രമീകരിക്കുവാനായാണ് ഈ പാനൽ ഉപയോഗിക്കാവുന്നത്. Point Curve: എന്ന ഇനത്തിൽ നിന്നും Medium Contrast എന്നതു തിരഞ്ഞെടുക്കുക മാത്രമാണ് ഇവിടെ ചെയ്തിരിക്കു

ന്നത്. നമ്മുടേതായ രീതിയിൽ കർവ് ക്രമീകരിക്കുവാനുള്ള സാധ്യതയും, പോയിന്റ് കർവ്, റീജ്യൺ കർവ് എന്നീ മോഡുകളും ഇവിടെ ലഭ്യമാണ്. നമ്മുടെ ഉദാഹരണത്തിൽ കർവ് ഉപയോഗിച്ചുള്ള പരിഷ്കരണത്തിന് സാധ്യതകൾ കുറവായതിനാൽ അടുത്ത വിഭാഗത്തിലേക്ക് നീങ്ങാം.

Detail എന്ന പാനലിലെ ക്രമീകരണങ്ങളാണ് നാം തുടർന്ന് കാണുവാൻ പോവുന്നത്. ഷാർപ്പെനിംഗ്, നോയിസ് റിഡക്ഷൻ എന്നീ രണ്ടു വിഭാഗങ്ങളിലായാണ് വിവിധ സാധ്യതകൾ ഡീറ്റെയ്ൽ പാനലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തുടക്കത്തിൽ എല്ലാ സ്ലൈഡറുകളും അവയുടെ സ്വാഭാവിക വിലകളിലാവും ഉണ്ടായിരിക്കുക. ചിത്രത്തിന്റെ ഷാർപ്പ്നെസ് വർദ്ധിപ്പിക്കുകയും തത്ഫലമായുണ്ടാവുന്ന നോയിസിന്റെ പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിലെ സാധ്യതകൾ കൊണ്ടുദ്ദേശിക്കുന്നത്.




***ചിത്രം ബി: ഷാർപ്പനിംഗ് ആരംഭിക്കുന്നതിന് മുമ്പ്. കണ്ണുകൾ 1:1 റേഷ്യോയിൽ എടുത്ത് കാണിച്ചിരിക്കുന്നു***

ഷാർപ്പെനിംഗ് ആരംഭിക്കുന്നതിനു മുൻപായി ചിത്രം 1:1 അനുപാതത്തിൽ ദൃശ്യമാവുന്ന രീതിലേക്ക് മാറ്റുക. ഒരു ചെറിയ ഭാഗം ഇതേ അനുപാതത്തിൽ പാനലിൽ തന്നെ ദൃശ്യമാവും. ചതുരത്തിനുള്ളിൽ ക്ലിക്ക് ചെയ്ത് ഡ്രാഗ് ചെയ്ത് ചിത്രത്തിലെ ഏത് ഭാഗവും അവിടെ ദൃശ്യമാക്കാവുന്നതാണ്. അതിനു ശേഷം Amount എന്ന സ്ലൈഡർ ഉപയോഗിച്ച് എത്രത്തോളം ഷാർപ്പനിംഗ് ചിത്രത്തിൽ ഉപയോഗിക്കണമെന്ന് തീരുമാനിക്കുക. ഷാർപ്പനിംഗ് എമൗണ്ടിന്റെ വില അധികമാവുന്നതിന് അനുസരിച്ച് ചിത്രത്തിലെ നോയിസും അധികരിക്കും എന്ന കാര്യം ഓർമ്മയിരിക്കട്ടെ. എത്രത്തോളം എമൗണ്ട് സ്വീകരിക്കാം എന്നത് ഓരോ ചിത്രത്തിന്റെയും സ്വഭാവത്തിനനുസരിച്ച് വ്യത്യാസപ്പെടും. ഇവിടുത്തെ ഓരോ സ്ലൈഡറും ക്രമീകരിക്കുമ്പോൾ കീബോർഡിൽ Alt കീ അമർത്തിയിരുന്നാൽ, എത്ര മാറ്റം ചിത്രത്തിൽ പ്രസ്തുത സ്ലൈഡർ കൊണ്ടുവരുന്നുണ്ട് എന്നതറിയുവാൻ സാധിക്കും.

ഒരു പിക്സലിനു ചുറ്റും എത്രത്തോളം ചുറ്റളവിൽ ഷാർപ്പനിംഗ് സാധ്യമാക്കണമെന്നത് നൽകുവാൻ റേഡിയസ് സ്ലൈഡർ ഉപയോഗിക്കാം. വില കൂടുന്നതിനനുസരിച്ച് ഷാർ പ്പനിംഗ് കൂടുതൽ പ്രകടമാകുവാൻ തുടങ്ങും. വില വല്ലാതെ അധികമായാൽ ചിത്രത്തിന്റെ സ്വാഭാവികത തന്നെ നഷ്ടമായെന്നും വരാം. ഡീറ്റെയ്ൽ സ്ലൈഡറാവട്ടെ ചിത്രത്തിലെ എത്രത്തോളം വിശദാംശങ്ങൾ ഷാർപ്പനിംഗിനായി പരിഗണിക്കണമെന്നു നൽകുവാൻ സഹായിക്കുന്നു. 0 എന്ന വിലയാണെങ്കിൽ വളരെ പ്രകടമായ വിശദാംശങ്ങൾ മാത്രം ഷാർപ്പൻ ചെയ്യുമ്പോൾ, വില 100-ലെത്തുമ്പോൾ ഏറ്റവും ചെറിയ വിശദാംശങ്ങൾ വരെ ഷാർപ്പൻ ചെയ്യപ്പെടുന്നു. ഇവിടെയും തീരുമാനമെടുക്കേണ്ടത് ഈ സ്ലൈഡർ ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന ഫലം ഉപയോഗിച്ചാണ്. മിക്കവാറും എല്ലാ ചിത്രങ്ങൾക്കും ഒരു പശ്ചാത്തലവും പൂർവ്വതലവുമുണ്ടാവും. പലപ്പോഴും ഷാർപ്പൻ ചെയ്യേണ്ടത് പൂർവ്വതലത്തിലെ വിഷയത്തെ മാത്രമാവും. ഏതൊക്കെ ഭാഗങ്ങളിൽ ഷർപ്പനിംഗ് ഉപയോഗിക്കണമെന്നു നൽകുവാൻ മാസ്കിംഗ് സ്ലൈഡർ സഹായിക്കുന്നു. മാസ്കിംഗ് വില 0-യിൽ നിൽക്കുമ്പോൾ ചിത്രത്തിലെ മുഴുവൻ ഭാഗവും ഷാർപ്പനിംഗിനായി പരിഗണിക്കുമ്പോൾ, വില വർദ്ധിപ്പിക്കുന്നതിനനുസൃതമായി ചിത്രത്തിലെ കൂടുതൽ പ്രകടമായി വരുന്ന ഭാഗങ്ങൾ മാത്രം ഷാർപ്പനിംഗിനായി പരിഗണിക്കുന്നു.




***ചിത്രം സി: ചിത്രത്തിൽ ആവശ്യമുള്ള ഷാർപ്പനിംഗ് ചെയ്തതിന് ശേഷം***

നിലവിൽ ചിത്രത്തിൽ ഷാർപ്പനിംഗ് കാരണമായി ഉണ്ടായ മാറ്റം ചിത്രം സി-യിൽ നിന്നും വ്യക്തമാണ്. കണ്ണുകളുടെ തീഷ്ണത വർദ്ധിച്ചു, എന്നാൽ ഒപ്പം ചിത്രത്തിലെ നോയിസും വല്ലാതെ അധികരിച്ചു. ഈ നോയിസ് എങ്ങിനെ ഒഴിവാക്കാം, അല്ലെങ്കിൽ കുറയ്ക്കാമെന്ന് അടുത്ത ലക്കത്തിൽ മനസ്സിലാക്കാം. ●

## ഗ്യാലക്സി ഗിയർ
### സാംസങ്ങിന്റെ സ്മാർട്ട് വാച്ച്



ഒട്ടേറെ കാത്തിരിപ്പിനൊടുവിൽ സാംസങ്ങിന്റെ സ്മാർട്ട് വാച്ചായ ഗ്യാലക്സി ഗിയർ രംഗത്തെത്തി. ഫോട്ടോസ്, ഹാൻഡ്സ്-ഫ്രീ കോൾസ്, ഇൻസ്റ്റന്റ് മെസ്സേജിംഗ് എന്നിങ്ങനെ അടിസ്ഥാന ഫംഗ്ഷനുകൾ നിർവ്വഹിക്കുന്നതിനൊതുകുന്ന ചെറിയ സ്ക്രീനോടുകൂടിയ ഗ്യാലക്സി ഗിയർ ഗ്യാലക്സി സ്മാർട്ട് ഫോണുകളുടെ ആക്സസ്സറി എന്ന നിലയിലാണ് പ്രവർത്തിക്കുക. ഏകദേശം 22990 രൂപയോളം വിലവരുമെന്നാണ് സൂചന. ബ്ലൂടൂത്തിലൂടെയായിരിക്കും ഫോണിലേയ്ക്ക് കണക്ട് ചെയ്യപ്പെടുക. കൈത്തണ്ടയിൽ നിന്ന് നേരിട്ട് ഫോട്ടോകളും, വീഡിയോകളെ എടുക്കുന്നതിനുള്ള മൈക്രോഗ്രാഫർ, ഫിസിക്കൽ ആക്ടിവിറ്റികൾ ട്രാക്ക് ചെയ്യുന്നതിനുള്ള പെഡോമീറ്റർ തുടങ്ങി സാംസങ്ങിന്റെ എഴുപതോളം പാർട്ട്ണർമാരിൽ നിന്നുള്ള നിരവധി ആപ്ലിക്കേഷനുകളും ഇതിലുണ്ടാകും. 800MHz പ്രോസസ്സർ, 512MB റാം, 1.63 ഇഞ്ച് 320x320 പിക്സൽ സൂപ്പർ AMOLED സ്ക്രീൻ, 1.9MP ക്യാമറ എന്നിങ്ങനെയാണ് പ്രധാന സ്പെസിഫിക്കേഷനുകൾ.